3318

(63)

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ– കുടുംബശ്രീ – ആശ്രയ പദ്ധതി –പരിചരണ സേവനങ്ങൾ – നിർവ്വണ ഉദ്യോഗസ്ഥർക്ക് തരംതിരിച്ച് ചുമതല നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.1559/2010/തസ്വഭവ          തീയതി, തിരുവനന്തപുരം 6/5/2010.**

---

പരാമർശം: 1) 14–5–2007 ലെ സ.ഉ(എം.എസ്)നമ്പർ 128/2007/തസ്വഭവ
2) 1–8–2009 ലെ സ.ഉ (എം.എസ്) നമ്പർ 151/2009/തസ്വഭവ.
3) 16–1–2010–ലെ സ.ഉ. (എം.എസ്) നമ്പർ 12/2010/തസ്വഭവ.
4) 27–02–2010 ലെ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കെ.എസ്.എൽ–2346/2002 നമ്പർ കുറിപ്പ്

## ഉത്തരവ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള ആശ്രയ പദ്ധതി പ്രകാരമുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരമാർശം (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് 2010 മാർച്ച് മാസം വരെ 884 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

പരാമർശം (2) പ്രകാരം 2009 മാർച്ച് മാസംവരെ ആശ്രയ പദ്ധതി നടപ്പിലാക്കിവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ പ്രോജക്ടുകളും പുനപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. ഇപ്രകാരം പുനപരിശോധന പൂർത്തിയാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് പരിചരണ സേവനങ്ങളുടെ മാർഗ്ഗരേഖ പുറപ്പെടുവിച്ച് പരമാർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിലുള്ള മാർഗ്ഗരേഖ അനുസരിച്ച് പഞ്ചായത്തുകൾക്ക് അഗതി പുനരധിവാസത്തിനായി ലഭ്യമാകുന്ന പ്രത്യേക ഫണ്ട് സി.ഡി.എസ്സിന്റെ

അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും, പഞ്ചായത്ത് തയ്യാറാക്കിയ പ്രോജക്റ്റിൽ ഓൺ ഫണ്ട് ഉൾപ്പെടെ വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുമെന്ന് പ്രതീക്ഷിച്ചിട്ടുള്ള ഫണ്ടിന് ആനുപാതികമായി മാത്രം ചെലവഴിക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ വ്യത്യസ്തമായ സേവന പരിചരണ പാക്കേജുകൾ ഗുണഭോക്താക്കൾക്ക് സി.ഡി.എസ് വഴി അനുവദിക്കുന്നതിന് ചില പോരായ്മകൾ കാണുന്നുണ്ട്. ആയതിനാൽ ആശ്രയ പദ്ധതിയുടെ പരിചരണ സേവന ഘടകങ്ങളുടെ നടത്തിപ്പു ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നല്കി ഉത്തരവാകുന്നതിന് പരാമർശം 4 പ്രകാരം കുടുംബശ്രീ എക്സക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇക്കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും അനുബന്ധമായി ചേർത്തിരിക്കും പ്രകാരം ആശ്രയ പദ്ധതിയുടെ സേവനങ്ങളുടെ പാക്കേജും ചുമതല വഹിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥരേയും നിർണ്ണയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി,

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രസിഡന്റ്/ സെക്രട്ടറിമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ ആസൂത്രണ സമിതിക്കും (കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, അർബൻ അഫയേഴ്സ്, തിരുവനന്തപുരം.
ഡയറക്ടർ, പഞ്ചായത്തു വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | ഇനം | ഇംപ്ലിമെന്റിംഗ് ഓഫീസറുടെ പേര് | നടപ്പിലാക്കുന്ന രീതി |
|---|---|---|---|
| 1. | **അതിജീവനാവശ്യങ്ങൾ**<br>എ. ഭക്ഷണം, വസ്ത്രം | സി.ഡി.എസ് മെമ്പർ സെക്രട്ടറി | നിലവിലെ ഉത്തരവ് അനുസരിച്ച് |
| | ബി. പെൻഷൻ | ഗ്രാമപഞ്ചായത്ത് / നഗരസഭ സെക്രട്ടറി | |
| | സി. ആരോഗ്യ പരിരക്ഷ | അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ | സി.ഡി.എസ് പഞ്ചായത്തിലെ മെഡിക്കൽ ഓഫീസറിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മുഖാന്തിരം തുക മുൻകൂറായി അനുവദിക്കുകയും ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മൂന്നു മാസത്തിലൊരിക്കൽ കൈപ്പറ്റിയ അഡ്വാൻസ് തുക സി.ഡി.എസ്സിൽ സെറ്റിൽ ചെയ്യേണ്ടതുമാണ്. |
| | ഡി. വിദ്യാഭ്യാസം | മെമ്പർ സെക്രട്ടറി | നിലവിലെ ഉത്തരവ് അനുസരിച്ച് |
| 2. | **അടിസ്ഥാന സൗകര്യാവശ്യങ്ങൾ**<br>ഭൂമി, വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം | ഗ്രാമപഞ്ചായത്ത് / നഗരസഭ സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ | നിലവിലെ ഉത്തരവ് അനുസരിച്ച് |
| 3. | **വികസനാവശ്യങ്ങൾ**<br>തൊഴിൽ, വൈദഗ്ധ്യ പരിശീലനം തുടങ്ങിയവ | മെമ്പർ സെക്രട്ടറി | |
| 4. | **മാനസികാവശ്യങ്ങൾ** | മെമ്പർ സെക്രട്ടറി | |
| 5. | **പ്രത്യേക പ്രോജക്ടുകൾ** | ഗ്രാമപഞ്ചായത്ത് / നഗരസഭ സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ | |

മേൽപ്പറഞ്ഞ വിവിധ പരിചരണ ഘടകങ്ങൾ അതാത് ചുമതല നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് നൽകേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ വിലയിരുത്തൽ സമിതിയുടെ തീരുമാനത്തോടെയും അംഗീകാരത്തോടെയും കൂടി ആയിരിക്കണം. കൂടാതെ മേൽപറഞ്ഞ രീതിയിൽ നടപ്പാക്കുന്ന പദ്ധതിയുടെ റിപ്പോർട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥന്മാരിൽ നിന്നും ശേഖരിച്ച് തദ്ദേശ ഭരണ സമിതിക്കു സമർപ്പിക്കുക, വിലയിരുത്തൽ സമിതിക്കുവേണ്ടി റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയവയും മെമ്പർ സെക്രട്ടറിമാരുടെ ചുമതലയാണ്.